തിരൂർ എൻ. ഇ. എസ്. ബ്ലോക്കിൽപ്പെട്ട വെട്ടം ഹെൽത്ത് സെൻറർ

242. [14] ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരൂർ എൻ. ഇ. എസ്. ബ്ലോക്കിൽപ്പെട്ട 'വെട്ടം' ഹെൽത്ത് സെൻറർ ചാവക്കാട് ബ്ലോക്കിൽപ്പെട്ട 'കടപ്പുറം' ഹെൽത്ത് സെൻറർ ഇതു രണ്ടും എന്നേക്ക് പ്രവർത്തനം ആരംഭിക്കുമെന്നു പറയുവാൻ കഴിയുമോകുമോ ?

ഉത്തരം

തിരൂർ എൻ. ഇ. എസ്. ബ്ലോക്കിൽ 'വെട്ടം' എന്ന സ്ഥലത്ത് ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുന്നതിനു കളക്ടർ അനുവാദം പദ്ധതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്. അതേപ്പറ്റി ഒരു റിപ്പോർട്ട് ഹെൽത്ത് സർവ്വീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

'ചാവക്കാട്' ബ്ലോക്കിൽ 'കടപ്പുറം' എന്ന സ്ഥലത്ത് ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുവാനുള്ള പദ്ധതി തൃശ്ശൂർ കളക്ടറുടെ പരിഗണനയിലിരിക്കുകയാണ്.

ഈ രണ്ടു ഹെൽത്ത് സെൻറുകളും ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

മിഡ്വൈഫിൻെറ സ്ഥലംമാറ്റം

243. [16] ശ്രീ. എം. വി. വാസു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറളി ഹെൽത്ത് സെൻററിലെ ഒരു മിഡ്വൈഫിനെ ഈയിടെ സ്ഥലം മാറ്റിയിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണമെന്ത് ;

(ബി) ട്രാൻസ്ഫർ ചെയ്ത മിഡ്വൈഫിനെപ്പറ്റി എന്തെങ്കിലും പരാതി ഉണ്ടായിരുന്നുവോ ;

(സി) പറളി ഹെൽത്ത് സെൻററിലെ ഡാക്ടറെക്കുറിച്ച് എന്തെങ്കിലും പരാതി ഉണ്ടായിരുന്നുവോ ;

(ഡി) ഡാക്ടറെപ്പറ്റി പരാതിപ്പെട്ടതിൻെറ പേരിലാണോ നടപടി ആയിട്ടാണ് ഈ മിഡ്വൈഫിൻെറ സ്ഥലംമാറ്റം ഉണ്ടായതെന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എവിടേയ്ക്കാണ് ഈ മിഡ്വൈഫിനെ സ്ഥലംമാറ്റിയത് ;

(എഫ്) പറളി ഹെൽത്ത് സെൻററിൽ വേറെ ഏതെങ്കിലും മിഡ്വൈഫിനെ നിയമിച്ചിട്ടുണ്ടോ ;

(ജി) സ്ഥലംമാറ്റപ്പെട്ട മിഡ്വൈഫിനെത്തന്നെ വീണ്ടും പറളിയിൽ നിയമിക്കുവാൻ വേണ്ട സത്വരനടപടികളും കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്. പറളി ഡിസ്പെൻസറിയിൽ ഈ മിഡ്വൈഫ് മൂന്നു കൊല്ലത്തിലധികം ജോലി ചെയ്തിരുന്നതിനാലാണ്.

(ബി) ഇല്ല.

(സി) ഉണ്ടായിരുന്നു.

(ഡി) ഇല്ല.

(ഇ) പുനങ്ങോട് എം. സി. എച്ച്. സെൻററിലേക്ക്.

(എഫ്) ഉണ്ട്.

(ജി) തൽക്കാലം നടപടികൾ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly